വൈദ്യുതി ഉല്പാദന രംഗത്തെ വർദ്ധന

25 (371) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉല്പാദന രംഗത്ത് എത്ര മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; പ്രതിദിന ഉപഭോഗം ഇപ്പോൾ എത്ര മെഗാവാട്ടാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

36.06 MW/85.07 Mu വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ 10000 റൂഫ് ടോപ്പ് സൗരോർജ്ജ പദ്ധതിയിലൂടെ ഏകദേശം 7 MW സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്. 2015 ഫെബ്രുവരി മാസത്തെ ഏറ്റവും ഉയർന്ന പ്രതിദിന വൈദ്യുത ആവശ്യകത 348MW ആണ്. ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 62.26 Mu ആയിരുന്നു.

വൈദ്യുതി ഉത്പാദനം/ഉപഭോഗം

26 (372) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. പ്രതിദിനം ഉല്പാദിപ്പിക്കുന്ന വൈദ്യുതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റാണെന്ന് പറയാമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നതെന്ന് സ്ഥാപനം, വാങ്ങുന്ന അളവ്, നൽകുന്ന വില, എന്നിവ തരം തിരിച്ച് വിശദമാക്കാമോ ;

(ഡി) കേന്ദ്ര പൂളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി എത്രയാണെന്ന് പറയാമോ ;

(ഇ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനോ, സർചാർജ്ജ് ഏർപ്പെടുത്താനോ റഗുലേറ്ററി കമ്മീഷന് കെ.എസ്.ഇ.ബി. അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ഇപ്പോൾ പ്രതിദിനം 18 മുതൽ 20 ദശലക്ഷം യൂണിറ്റ് വരെ വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

നിലയങ്ങൾ	ഉൽപ്പാദനം (ദശലക്ഷം യൂണിറ്റിൽ)
ജലവൈദ്യുത നിലയങ്ങൾ (കെ.എസ്.ഇ.ബി.)	18 മുതൽ 19 വരെ
ബി.ഡി.പി.പി., കെ.ഡി.പി.പി. മുതലായ ദ്രവ ഇന്ധന നിലയങ്ങൾ	0.5 മുതൽ 1 വരെ
സ്വകാര്യ കാറ്റാടി നിലയങ്ങൾ	പരമാവധി 0.3
സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾ	

(ബി) ഇപ്പോഴത്തെ പ്രതിദിന ശരാശരി വൈദ്യുതോപയോഗം 63 ദശലക്ഷം യൂണിറ്റാണ്. ഇത് മാർച്ച് മാസം അവസാനത്തോടെ 70 ദശലക്ഷം യൂണിറ്റാകുമെന്നാണ് കരുതുന്നത്.

(സി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെ.ഡി.പി.പി., ബി.ഡി.പി.പി. എന്നീ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള കായംകുളം നിലയത്തിൽനിന്നും സ്വകാര്യ നിലയമായ ബി.എസ്.ഇ.എസ്.-ൽ നിന്നുമാണ് അത്യാവശ്യ സന്ദർഭങ്ങളിൽ ലോഡ് ഷെഡ്ഡിംഗ്ഗും പവർകട്ടും ഒഴിവാക്കുവാൻ വൈദ്യുതി വാങ്ങുകയോ ഷെഡ്യൂൾ ചെയ്യുകയോ ചെയ്യുന്നത്. കൂടാതെ കാറ്റാടി നിലയങ്ങളായ അഗളി, രാമക്കൽമേട് എന്നിവയിൽനിന്നും സ്വകാര്യ മേഖലയിലുള്ള ചെറുകിട ജലവൈദ്യുതോൽപ്പാദന നിലയങ്ങളായ അള്ളുങ്കൽ, ഇരുട്ടുക്കാനം എന്നിവയിൽനിന്നും വൈദ്യുതി വാങ്ങി ഉപയോഗിച്ചുവരുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

ക്രമ നമ്പർ	നിലയം	പ്രതിദിന ലഭ്യത (ദശലക്ഷം യൂണിറ്റിൽ)	വാങ്ങുന്ന വൈദ്യുതിയുടെ അളവ് പ്രതിദിന ശരാശരി (MU-ൽ)	ശരാശരി നിരക്ക് (രൂപ/യൂണിറ്റിൽ)
(1)	(2)	(3)	(4)	(5)
1	കെ.ഡി.പി.പി.	0.57	-	7.08
2	ബി.ഡി.പി.പി.	-	-	7.73
3	കെ.പി.സി.എൽ.	-	-	7.56
4	ബി.എസ്.ഇ.എസ്.	3.77	-	12.32
5	ആർ.ജി.സി.സി.പി.പി. കായംകുളം	7.93	-	8.67

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
6	കാറ്റാടി നിലയങ്ങൾ			
	(എ) അഗളി	0.0014	0.0014	3.14
	(ബി) രാമക്കൽമേട്	0.0198	0.0198	3.14
7	സ്വകാര്യ ചെറുകിട ജല വൈദ്യുത നിലയങ്ങൾ			
	(എ) അള്ളുങ്കൽ	0.0378	0.0378	4.16
	(ബി) ഇരുട്ടുക്കാനം	0.0194	0.0194	2.72

(ഡി) കേന്ദ്രപൂളിൽനിന്നും പ്രതിദിനം ശരാശരി 1350 മെഗാവാട്ട് മുതൽ 1400 മെഗാവാട്ട് (33 MU) വരെ വൈദ്യുതി ലഭ്യമാകുന്നു.

(ഇ) നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. എന്നാൽ 2014 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഇന്ധന വിലയിലുണ്ടായ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ അധിക ബാധ്യതയായ 34.95 കോടി രൂപ ഇന്ധന സർചാർജ്ജായി നികത്തുന്നതിനു വേണ്ടി നിർദ്ദേശം റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടില്ല.

വൈദ്യുതി ലൈനുകൾ വാടകയ്ക്ക് അനുവദിക്കൽ

27 (373) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനുകൾ മറ്റ് സ്വകാര്യ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും കേബിൾ വലിയ്ക്കുന്നതിനും മറ്റുമായി വാടകയ്ക്കോ മറ്റേതെങ്കിലും വിധത്തിലോ അനുവദിച്ചു നൽകാറുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ അനുമതി നൽകുന്നതിന് മുമ്പായി മതിയായ പഠനങ്ങൾ കെ.എസ്.ഇ.ബി. നടത്താറുണ്ടോ ;

(സി) കെ.എസ്.ഇ.ബി.-ക്ക് കീഴിലുള്ള വൈദ്യുതി ലൈനുകളിൽ കേബിൾ വലിയ്ക്കുന്നതിന് റിലയൻസിന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് മതിയായ പഠനങ്ങൾ കൂടാതെയും സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly